### ഉദ്യോഗ കയറ്റം



നമ്മുടെ മാനേജിംഗ് കമ്മിറ്റി അംഗമായ **ശ്രീ. കെ. ഐപ്പ് പീറ്റർ** ഫെഡറൽ ബാങ്കിൽ സീനിയർ വൈസ് പ്രസിഡന്റായി (Business Development and Public Relations) ചുമതലയേറ്റു. കോഴിക്കോട്, ഡൽഹി, തിരുവനന്തപുരം, എറണാകുളം, ആലുവ, എന്നീ മേഖലകളിൽ ജനറൽ മാനേജറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. എറണാകുളം മേഖല, ബാങ്കിന്റെ ഏറ്റവും വലിയ മേഖലയായി വളർന്നത് ഇദ്ദേഹത്തിന്റെ കാലത്താണ്. നമ്മുടെ ഇടവകാംഗമായിരുന്ന പരേതനായ കുറ്റിക്കാട്ട് ശ്രീ. കെ. സി. പത്രോസിന്റേയും (സിവിലിയൻ ഗസറ്റഡ് ഓഫീസർ, ഇന്ത്യൻ നേവി), ശ്രീമതി. ടി. ഐ. മാത്തിരിയുടേയും പുത്രനാണ് ശ്രീ. പീറ്റർ.



കൊടാക്ക് ലൈഫ് ഇൻഷ്യറൻസിന്റെ അസോസിയേറ്റീവ് വൈസ് പ്രസിഡന്റായി **ശ്രീ. ദീപ് പോൾ** നിയമിതനായിരിക്കുന്നു. കേരള ഏരിയായുടെ ഹെഡായി സേവനം അനുഷ്ഠിക്കുകയായിരുന്നു. ഇടവക ട്രസ്റ്റിയായിരുന്ന കല്ലത്ത് ശ്രീ. തോമസ് പോളിന്റേയും (സോണൽ മാനേജർ, എൽ.ഐ.സി.) ഷീല പോളിന്റേയും പുത്രനാണ്.

### ശെമ്മാശുപട്ടം

സെന്റ് മേരീസ് കത്തീഡ്രൽ അസി. വികാരി ഫാദർ കെ.ടി. ഏലിയാസിന്റെ മകൻ തോമസ് **കെ. ഏലിയാസിനും** സഹോദരിയുടെ മകൻ **അലക്സ് പി. ജോർജ്ജിനും** മേയ് മാസം 26-ാം തീയതി ശനിയാഴ്ച വെട്ടിക്കൽ സെന്റ്തോമസ് ദയറായിൽ വച്ച് കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത സഖറിയ മാർ. അന്തോണിയോസ് തിരുമേനി ശെമ്മാശുപട്ടം നൽകി.



**Miss. Anna Cherian**, Final year, B.Tech Civil, VIT University was selected for citaion and cash award for her meritorious academic achievement (2006 - 2007). This is the second consecutive time she has won this award. She is the daughter of Kalpana and Santhosh Pooppally.

### മാമോദീസ

മറൈൻ എഞ്ചിനീയർ നടയ്ക്കാവിൽ ശ്രീ. നീൽ ജോർജ്ജിന്റെയും ശ്രീമതി ഷാലിനിയുടേയും മകൾ ദിയായുടെ മാമോദീസ 2007 മേയ് 13ന് കത്തീഡ്രലിൽ നടന്നു.

*Sponsored by :*

**THE FEDERAL BANK LTD.**

### നിര്യാതയായി



പൂവത്തുർ മാമ്പഴക്കാട്ടിൽ പരേതനായ പി. ടി. ജേക്കബിന്റെ (ഹിന്ദുസ്ഥാൻ പെട്രോളിയം, കൊച്ചി) ഭാര്യ മറിയാമ്മ (83) കലൂർ ഷേണായിസ് റോഡിൽ മകൻ തോമസ് ജേക്കബിന്റെ (ആർക്കിടെക്റ്റ്) വസതിയിൽ നിര്യാതയായി. ചിറ്റൂർ റോഡിലുള്ള സെമിത്തേരിയിൽ ശവസംസ്ക്കാരം നടത്തി. പരേത റാന്നി കുരുടാമണ്ണിൽ കുറ്റി എലവുങ്കൽ കുടുംബാംഗമാണ്.

### അമ്മ

*സ്നേഹമാണമ്മ! പ്രപഞ്ചധ്വനിയാണമ്മ!*
*ഉരുക്കും മനസ്സിനെ തൊട്ടുതലോടും,*
*കാലിടറും ജീവിത പാതയിൽ,*
*താങ്ങായ് തണലായ് നിൽക്കും അമ്മ.*
*വഴിതെറ്റും പൈതലെ നേർവഴി-*
*നയിക്കും അമ്മ.*
*അമ്മതൻ മദ്ധ്യസ്ഥതയിൽ,*
*അനന്തമാം നിർവൃതി ലഭിക്കും,*
*സ്നേഹത്തിൻ ഉറവിടമാണമ്മ.*

**പ്രിയ സൂസൻ പോൾ**
(മാനേജിംഗ് കമ്മിറ്റി അംഗം ഡാലസ് ചെറിയാന്റെ പുത്രി)

### സൺഡേ സ്ക്കൂൾ

പാലാരിവട്ടം സെന്റ് ജോർജ്ജ് പള്ളിയിൽ വെരി.റവ. യൽദോ റമ്പാച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ എറണാകുളം ഡിസ്ട്രിക്ട് സണ്ടേസ്ക്കൂൾ അദ്ധ്യാപകരുടെ യോഗം, ശ്രീ. ബെന്നിപോളിനെ ഡിസ്ട്രിക്ട് ഇൻസ്പെക്ടറായും ശ്രീ. ഡാലസ് ചെറിയാനെ അദ്ധ്യാപക പ്രതിനിധിയായും തെരഞ്ഞെടുത്തു. അടുത്ത മൂന്ന് വർഷത്തേയ്ക്കാണ് ഇവരെ തെരഞ്ഞെടുത്തിരിക്കുന്നത്.

### സഭാ വിശേഷദിനങ്ങൾ

ജൂൺ 16 ശനി - ശ്ലീഹാനോമ്പാരംഭം
ജൂൺ 29 വെള്ളി - ശ്ലീഹാനോമ്പുവീടൽ (പത്രോസ്, പൗലോസ് ശ്ലീഹാമാരുടെ ഓർമ്മ, കുർബാന 6.45 ന്)
ജൂൺ 30 ശനി - 12 ശ്ലീഹാമാരുടെ ഓർമ്മ

### അഭ്യർത്ഥന

നമ്മുടെ ഇടവകാംഗങ്ങളുടെ ഭവനങ്ങളിലുണ്ടാകുന്ന ജനനം, വിവാഹം, മരണം (മറ്റിടങ്ങളിൽ വച്ച് നടക്കുന്നവയും) ഉന്നത പരീക്ഷ വിജയം, മറ്റു പ്രധാന സംഭവങ്ങൾ പള്ളി ഓഫീസിൽ അറിയിക്കുവാൻ അപേക്ഷ. അതുപോലെ താമസമാറ്റമോ, മേൽവിലാസത്തിലുണ്ടാകുന്ന വ്യത്യാസങ്ങളും ഫോൺ നമ്പറുകളുടെ മാറ്റങ്ങളും യഥാസമയം ഓഫീസിലറിയ്ക്കുവാൻ അഭ്യർത്ഥിക്കുന്നു.

**Editorial Board** : P.T. John (98951 43625), Thomas John (93886 22449), K. K. George(94470 40484), Mammen Abraham (94473 68886) & Suma Mathew (98460 25711) **Printed at** : RJ Press, Kaloor
**Edited & Published by :** K.K. George for **St. Mary's Cathedral, Ernakulam. Phone : 0484-2352490, 2365827**
*For Private Circulation only*

**VOL : 1. ISSUE : 1** **MAY 2007**

## പത്രാധിപക്കുറിപ്പ്

## സഭാനേതാക്കൾ ഉറങ്ങരുത്

*ഓർത്തഡോക്സ് സഭയുൾപ്പെടെയുള്ള പുരാതന ക്രിസ്തീയ സഭകൾ ഒരു വിശ്വാസപോരാട്ടത്തെ നേരിട്ടുകൊണ്ടിരിക്കുകയാണ്. യേശുവിന്റെ രക്ഷാകരമായ പ്രവർത്തനങ്ങൾക്ക് വിവിധങ്ങളായ വ്യാഖ്യാനങ്ങൾ നൽകി പുതിയ പുതിയ ക്രിസ്തീയ സഭകൾ രൂപം കൊള്ളുകയാണ്. തങ്ങൾ നൽകുന്ന ആശയങ്ങൾ ജനങ്ങളെ സ്വാധീനിച്ചുകഴിഞ്ഞാൽ അവർ അനുയായികളുടെ കാര്യക്കാരായി തീരുകയാണ്. ഈ നൂതന സഭകളൊക്കെ യേശുവിനെ വെല്ലുന്ന അത്ഭുതങ്ങൾ സൃഷ്ടിക്കുകയാണ്. ഇവരെ പിൻതുടർന്നവരെല്ലാം വിശ്വസിക്കുന്നത്, അവർ കനാൻ ദേശത്തൊഴുകുന്ന പാലിനും തേനിനും അവകാശികളായി കഴിഞ്ഞിരിക്കുന്നു എന്നാണ്. ക്രിസ്തീയ സഭകൾ ഇന്ന് 10,000 ത്തിലേറെയായിക്കഴിഞ്ഞിരിക്കുന്നു. അപ്പോസ്തോലന്മാരുടെ കാലത്തും ഓരോ ആശയങ്ങളുമായി സഭയിൽ വേർതിരിവുണ്ടാക്കിയിരുന്നു. ഇതിനെതിരെ പൗലോസ് അപ്പോസ്തോലൻ പ്രതികരിച്ചതിങ്ങനെയാണ്. മറ്റൊരു സുവിശേഷം ഉണ്ടെന്നല്ല ഞാനിവിടെ സൂചിപ്പിക്കുന്നത്. നിങ്ങളുടെ മനസ്സ് കലക്കി യേശുവിന്റെ സുവിശേഷത്തെ വികലമാക്കാൻ ആഗ്രഹിക്കുന്ന ചിലരുണ്ടെന്നാണ് ഞാൻ അർത്ഥമാക്കുന്നത്. ഞങ്ങൾ ആകട്ടെ, സ്വർഗ്ഗത്തിൽനിന്ന് വരുന്ന മാലാഖതന്നെയാകട്ടെ നിങ്ങളോടു ഞങ്ങൾ പ്രസംഗിച്ചിട്ടുള്ള സുവിശേഷത്തിനു വിരുദ്ധമായി പ്രസംഗിക്കുകയാണെങ്കിൽ അയാൾ അഭിശപ്തൻ (ഗല. 1:7,8.). ഇത്തരം ആശയങ്ങളും പ്രസംഗങ്ങളും തലപൊക്കിയപ്പോൾ പൗലോസ് അപ്പോസ്തോലൻ അതിനെതിരെ ശബ്ദമുയർത്തി തെറ്റും ശരിയും ജനങ്ങളെ മനസ്സിലാക്കി ബോധവാന്മാരാക്കി. പൗലോസ് അപ്പോസ്തോലൻ തുടങ്ങിവച്ചത് തുടരേണ്ടത് സഭാനേതൃത്വമാണ്.*

*സഭാമക്കൾ മറ്റു സഭകളിലേയ്ക്ക് ആകർഷിക്കപ്പെടുന്നതിന്റെ യഥാർത്ഥ കാരണങ്ങൾ കണ്ടുപിടിച്ച് സഭയിലെ ചോർച്ച ഇല്ലാതാക്കാൻ തീവ്രതയോടെ പരിശ്രമിക്കേണ്ടതുണ്ട്.*

### ആശംസാസന്ദേശം :

നമുക്കെത്രയും വാത്സല്യമുള്ള എറണാകുളം സെന്റ് മേരീസ് ഇടവകാംഗങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

വൈവിദ്ധ്യങ്ങളായ വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട് മുന്നേറുവാനുള്ള നിയോഗമാണ് ഈ നൂറ്റാണ്ടിൽ സഭയ്ക്കുള്ളത്. വൈദേശിക ആധിപത്യവും സാമ്പത്തിക പരാധീനതകളും ഒത്തുചേർന്നുള്ള കാലഘട്ടത്തിൽ പോലും മലങ്കര സഭയ്ക്ക് മുന്നേറുവാൻ കഴിഞ്ഞു. എങ്കിൽ സാമ്പത്തിക ഭദ്രതകളും സ്വാതന്ത്ര്യബോധവും കൈമുതലായിട്ടുള്ള ഈ നൂറ്റാണ്ടിലെ സഭയ്ക്ക് മുന്നോട്ടുള്ള പ്രയാണത്തിൽ ദ്രുതവേഗം ഇനിയും കൈവരിക്കാനുണ്ട്.

വ്യക്തികേന്ദ്രീകൃതമായി വളർന്നുകൊണ്ടിരിക്കുന്ന കൾട്ടിക്ക് ആത്മീയ തരംഗങ്ങൾ ആണ് ചുറ്റുപാടും നാം കണ്ടുമുട്ടുന്നത്. വ്യക്തിയുടെ വിജയവും പരാജയവും ഇത്തരം മുന്നേറ്റങ്ങളെ നിയന്ത്രിക്കുന്ന ഘടകങ്ങൾ ആണ്. എന്നാൽ സഭയുടെ വളർച്ചയുടെ ജീവവായു വിശ്വാസ സമൂഹത്തിന്റെ സംഗമ വേദിയായ ഇടവകകൾ ആണ്. കരുതലിന്റെയും പങ്കുവെക്കലിന്റെയും സഹകരണത്തിന്റെയും സംഗമവേദിയായി ഇടവകകൾ മാറണം. വിശ്വാസികളുടെ ആവശ്യത്തിന് മുന്തിയ പരിഗണന ലഭിക്കുന്ന ഇടങ്ങളായി ഇടവകകൾ രൂപാന്തരപ്പെടണം. ജനങ്ങളുടെ ആത്മീയ പരിപോഷണമെന്ന അടിസ്ഥാന ഉത്തരവാദിത്വത്തിൽ നിന്ന് വ്യതിചലിക്കുന്ന എല്ലാ പ്രവണതകളും നിരുത്സാഹപ്പെടുത്തേണ്ടതാണ്. ബന്ധങ്ങളുടെ ഊഷ്മളതയാണ് ഇടവകകളുടെ ശക്തിദുർഗ്ഗം. സമൂഹത്തിൽ ശക്തിയാർജ്ജിച്ചിട്ടുള്ള പുത്തൻപ്രവണതകൾ ബന്ധങ്ങളുടെ ഊഷ്മളത നഷ്ടപെടുത്തിക്കൊണ്ടിരിക്കുന്നു എന്നത് യാഥാർത്ഥ്യമാണെങ്കിലും അതിനെ അതിജീവിക്കുവാൻ നമുക്ക് കഴിയണം.

ഭിന്നതകളും അഭിപ്രായവ്യത്യാസങ്ങളും മനുഷ്യസമൂഹത്തിൽ ഉടലെടുക്കാം എങ്കിലും ദൈവപരിശുദ്ധാത്മാവിന്റെ ഇടപെടലുകൾ കൊണ്ട് അതിനെ പരിഹരിക്കുവാൻ കഴിയും. എറണാകുളം സെന്റ് മേരീസ് പള്ളിയിൽ കഴിഞ്ഞ കുറേക്കാലങ്ങളായി നിലനിൽക്കുന്ന അഭിപ്രായ ഭിന്നതകൾ അവസാനിച്ച് സമാധാനത്തിന്റെ പൊൻപുലരി പുലർന്നു കാണണമെന്നാണ് നമ്മുടെ ആഗ്രഹം. എന്റെ ഭദ്രാസനത്തിൽ ഒരേ പള്ളിയിൽ ആരാധനയിൽ സംബന്ധിക്കുന്നവർപോലും അവിടെ വിരുദ്ധചേരിയിൽ നിൽക്കുന്നു എന്നു കാണുന്നതിൽ നമുക്ക് ദുഃഖമുണ്ട്. ഈ വിഷയത്തിൽ ഇടപെടാൻ എന്നെ പ്രേരിപ്പിക്കുന്നത് ഈ ചേതോവികാരമാണ്.

വിശ്വാസികൾ തമ്മിലുള്ള ആത്മീയ ഐക്യം വളരുമ്പോൾ നാം ഒരു സമൂഹം, ഒരേ അപ്പത്തിന്റെ അവകാശികൾ എന്ന ബോദ്ധ്യത്തിലേക്ക് വളരാൻ നമ്മൾക്ക് കഴിയും. ഇടവകാംഗങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ സുദൃഢമാകുവാൻ ഇടവക ബുള്ളറ്റിനുകൾക്ക് അതിപ്രമുഖമായ സ്ഥാനമുണ്ട്. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് എന്റെ ഭദ്രാസന ആസ്ഥാനമായ ബഥേൽ അരമന പള്ളിയിൽ കുറേ വർഷങ്ങളായി ഇടവക ബുള്ളറ്റിൻ എന്ന പേരിൽ ഒരു പ്രസദ്ധീകരണം മുടക്കം കൂടാതെ മാസംതോറും വിതരണം ചെയ്യുന്നു. എറണാകുളം സെന്റ് മേരീസ് പള്ളിയുടെ ചുമതലയിൽ പ്രസദ്ധീകരിക്കുന്ന ന്യൂസ് ബുള്ളറ്റിന്റെ അണിയറശിൽപികളെ നാം പ്രത്യേകമായി അനുമോദിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

28 മേയ് 2007
ചെങ്ങന്നൂർ ബഥേൽ അരമനയിൽ നിന്ന്

**തോമസ് മാർ അത്താനാസിയോസ്, മെത്രാപ്പോലീത്ത**

## വികാരിയുടെ കത്ത്

കർത്താവിൽ പ്രിയരെ,

അവന്റെ ദാസൻമാർ അവനെ ആരാധിക്കും; അവർ അവന്റെ മുഖം കാണും. (വെളി. 22:34) എന്നരുളിച്ചെയ്ത യേശുക്രിസ്തുവിന്റെ ധന്യനാമത്തിൽ സ്നേഹവന്ദനം. മെയ്മാസത്തെ നമ്മുടെ ബുള്ളറ്റിൻ ഇടവക ജനങ്ങൾക്ക് പ്രയോജനമായിരിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷിക്കുന്നു.

ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു. (യോഹ. 1:18) പുത്രൻ വെളിപ്പെടുത്തിയിട്ടുള്ളിടത്തോളം മാത്രം നാം ദൈവത്തെ അറിയുന്നു.

യേശുക്രിസ്തുവിന് ഏകദേശം 750 വർഷം മുമ്പ് ജീവിച്ചിരുന്ന യെശയ്യാ ദീർഘദർശി ഒരിക്കൽ ഒരു ദർശനം കണ്ടു (യെശ. 6:18). ദൈവതേജസിന്റെ മുമ്പിൽ സ്രാപ്പികൾ രണ്ട് ചിറകുകൾകൊണ്ട് പറന്ന് യഹോവയായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, എന്ന് ആർത്ത് അട്ടഹസിച്ച് പറഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്തുന്നു. അൽമായരായ ത്രേജോരൂപികളായ സാറാഫുകൾക്ക് പോലും ദൈവത്തിന്റെ സാക്ഷാത്തായ മുഖം കാണാൻ കഴിഞ്ഞില്ല. സാറാഫുകൾ ചിറകുകൾ കൊണ്ട് തങ്ങളുടെ മുഖം മറച്ചു. കാരണം നമ്മുടെ ദൈവമോ ദഹിപ്പിക്കുന്ന അഗ്നിയത്രെ... അതുപോലെ ധന്യനായ പൗലോസ് ശ്ലീഹാ നിജപുത്രനായ തിമോത്തിയോസിന് ലേഖനം എഴുതുമ്പോൾ (1 തിമോത്തി.6:16), അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും മനുഷ്യരാരും കാണാത്തവനും കാണ്മാൻ കഴിയാത്തവനുമായവൻ എന്ന് പറഞ്ഞിരിക്കുന്നു. ഈ വലിയവനായ ദൈവത്തെ ആരാധിപ്പാനാണ് ദൈവമക്കൾ വിളിയ്ക്കപ്പെട്ടിരിക്കുന്നത്. സാറാഫുകൾ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് മൂന്ന് പ്രാവിശ്യം പറയാൻ കാരണം ഇത് ത്രിത്വത്തെ സൂചിപ്പിക്കുന്നത് കൊണ്ടാണ് (പുറ. 20: 18-19) ഇസ്രയേൽ ജനം മോശയോട്, നീ ഞങ്ങളോട് സംസാരിക്ക ഞങ്ങൾ കേട്ടുകൊള്ളാം ഞങ്ങൾ മരിക്കാതിരിക്കേണ്ടതിന് ദൈവം ഞങ്ങളോട് സംസാരിക്കരുതെ എന്ന് വിളിച്ചുപറഞ്ഞു. ആ ദൈവത്തെ ആരാധിപ്പാനാണ് ദൈവം നമ്മളെ തിരഞ്ഞെടുത്തത്. അത് മനസ്സിലാക്കി നമ്മുടെ ധ്യാനയോഗങ്ങളിലും പ്രാർത്ഥനാ യോഗങ്ങളിലും ആരാധനയിലും വളരെ പ്രാർത്ഥനയോടും ഒരുക്കത്തോടും വിശുദ്ധിയോടും ദേവാലയത്തിലേക്ക് കടന്ന് വരേണ്ടിയിരിക്കുന്നു.

ഒരു മനുഷ്യന് ജീവൻ നിലനിർത്തുവാൻ ശ്വാസോച്ഛ്വാസം ആവശ്യം എന്നത്പോലെ ഒരു ആത്മീയന്റെ ശ്വാസോച്ഛ്വാസമാണ് പ്രാർത്ഥന.

പ്രിയരെ, നമ്മുടെ കർത്താവും ദൈവവുമായ യേശു ക്രിസ്തു മറുരൂപമലയിൽ പത്രോസിനേയും യാക്കോബിനേയും യോഹന്നാനേയും കൂട്ടി കൊണ്ടുപോയി അവർക്ക് മുമ്പാകെ രൂപാന്തരപ്പെട്ടു. അവന്റെ മുഖത്തിന്റെ ഭാവം മാറിത്തുടങ്ങി, സൂര്യൻ പ്രകാശിക്കുന്നതുപോലെയായി, വസ്ത്രം, വെളിച്ചം പോലെ വെള്ളയായി തീർന്നു. ഈ ദൈവത്തെ ആരാധിക്കാനാണ് നാം ഒരുങ്ങിവരേണ്ടത്. ഈ കാഴ്ച കണ്ടപ്പോൾ ശിഷ്യന്മാർ കമിഴ്ന്ന് വീണു. (മത്തായി. 17:1-8). നമ്മുടെ കർത്താവ് സ്വർഗ്ഗാരോഹണം ചെയ്യുമ്പോൾ ഇങ്ങനെ പറഞ്ഞു. ഭയപ്പെടേണ്ട ഞാൻ ലോകാവസനത്തോളം എല്ലാനാളും നിങ്ങളോട് കൂടെയുണ്ട് (മത്തായി 28:20). ഈ കർത്താവിനെ, സ്നേഹവാനായ ദൈവത്തെ തുടർന്നുള്ള ദിവസങ്ങളിൽ ആരാധിക്കുവാനായി ദേവാലയങ്ങളിലേക്ക് വരുമ്പോൾ നമുക്ക് നമ്മെത്തന്നെ ഒന്നു പരിശോധിക്കുവാൻ പരിശുദ്ധാത്മാവ് സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പരിശുദ്ധ പൗലോസ്ശ്ലീഹാ പറയുന്നതുപോലെ ചിലർ കർത്താവിന്റെ സന്നിധിയിൽ പ്രാർത്ഥനക്കായി കൂടി വരുന്നത് ഉപേക്ഷയായി കരുതുന്നതുപോലെ നാം ആയിരിക്കരുത്. നാം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗ്ഗവും സ്വന്ത ജനവും വിശുദ്ധ വംശവുമല്ലോ (1 പത്രോ. 2:9-10).

ആകയാൽ നാം ദൈവസന്നിധിയിൽ വരുമ്പോൾ വിശുദ്ധിയോടും ഒരുക്കത്തോടുംകൂടി ആയിരിപ്പാൻ തുടർന്നുള്ള ദിവസങ്ങളിൽ ശ്രദ്ധിക്കുന്നത് നല്ലതായിരിക്കും.

ദൂതന്മാർക്കും, മാലാഖമാർക്കും, സാറാഫുകൾക്കും, നാല് ജീവികൾക്കും, 24 മൂപ്പന്മാർക്കും, ആർക്കും തന്നെ ദൈവത്തെ ആയതുപോലെ കാണാൻ കഴിയാത്ത തേജസ്വിയായ കർത്താവിന്റെ മുഖം കണ്ട് ആരാധിപ്പാൻ വിളിക്കപ്പെട്ട നാം എത്ര അനുഗ്രഹിക്കപ്പെട്ടവരാണ്.

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ ത്രേജസേറിയ പ്രത്യക്ഷതക്കായി നമുക്ക് ഒരുങ്ങി കാത്തിരിക്കാം മറ്റുള്ളവരെയും ഒരുക്കാം.

എന്ന് ക്രിസ്തുയേശുവിൽ നിങ്ങളുടെ **ഇടംമ്പാടത്തച്ചൻ**

## പഠനക്കുറിപ്പുകൾ — ശോശപ്പ

വിശ്വാസികൾ അറിഞ്ഞിരിക്കേണ്ട സംഗതികൾ :

1. കാസായും, പീലാസായും മൂടുന്ന ശുഭ്രമായ വെള്ളത്തുണിയാണ് ശോശപ്പ: പന്ത്രണ്ട് ഇസ്രയേൽ ഗോത്രങ്ങൾക്ക് വെള്ളം ഒഴുക്കികൊടുത്ത നീരുറവയെ ആവരണം ചെയ്ത തീക്കൽപാറ, കർത്താവിന്റെ തിരുശരീരം മറയ്ക്കപ്പെടുവാൻ കബറിങ്കൽ വയ്ക്കപ്പെട്ട കല്ല്, കർത്താവിന്റെ ജനനസമയത്ത് ചുറ്റിപ്പൊതിഞ്ഞ ശീല, പത്രോസ് ശ്ലീഹായ്ക്ക് ദർശനത്തിൽ കാണപ്പെട്ട തൂപ്പെട്ടി, പഴയ നിയമകാലത്ത് കൃപാസനത്തിനു മുകളിൽ ഉണ്ടായിരുന്ന ദൈവതേജസ്സ് എന്നിവയെ സൂചിപ്പിക്കുന്നു.
2. കാസായും പീലാസായും ശോശപ്പാകൊണ്ടുമൂടുന്നത്: മിശിഹാ തമ്പുരാന്റെ തിരുശരീരം കീറ്റുശീലകൾകൊണ്ട് പൊതിഞ്ഞതിന്റെ സൂചനയായിട്ടാണ്.
3. ശോശപ്പാ ആഘോഷിച്ചു മാറ്റുന്നത് : യേശുവിന്റെ മറുരൂപസമയത്ത് സ്വർഗ്ഗം തുറക്കപ്പെട്ടതിനേയും, തന്റെ പരസ്യ വ്യാപാരം മൂലം ന്യായപ്രമാണ യവനിക പൂർണ്ണമായി നീക്കപ്പെട്ടതിനേയും സൂചിപ്പിക്കുന്നു.
4. തുടർച്ചയായി മൂന്നു പ്രാവിശ്യം ആഘോഷിക്കുന്നത് : പത്രോസ് ശ്ലീഹായ്ക്കുണ്ടായ ദർശനത്തെ സൂചിപ്പിക്കുന്നു. സ്വർഗ്ഗത്തിൽ നിന്ന് സർവ്വ ജീവജാലങ്ങളെയും മൂന്നുപ്രാവശ്യം ഇറക്കുകയും തിരികെ സ്വീകരിക്കുകയും ചെയ്ത ഈ ദർശനം മൂലം യിസ്രായേൽ മാത്രമല്ല, സകല ജാതികളും സ്വർഗ്ഗങ്ങളും മിശിഹായിൽ രക്ഷിക്കപ്പെടും എന്ന് പത്രോസിന് വെളിപ്പെടുത്തപ്പെട്ടു. ശോശപ്പ ആഘോഷത്തോടുകൂടി സ്വർഗ്ഗം തുറക്കപ്പെടുകയും അശരീരികളായ സ്വർഗ്ഗീയ സൈന്യങ്ങളും വാങ്ങിപ്പോയ വിശ്വാസികളുടെ ആത്മാക്കളും നമ്മോടൊന്നിച്ച് വി. കുർബാനയിൽ സംബന്ധിക്കുകയും ചെയ്യുന്നു എന്ന് മറുബഹസായുടെയും കൈമണിയുടെയും ശബ്ദം നമ്മെ ഓർമ്മപ്പെടുത്തുന്നു.
5. കാസായിൽ നിന്നും പീലാസയിൽ നിന്നും ശോശപ്പാ നീക്കുന്നതിന്റെ വ്യാഖ്യാനം : കർത്താവിന്റെ കബറിൽ നിന്നും കല്ലുനീങ്ങിയതിന്റെ പ്രതീകമായിട്ടാണ്.

**റവ: ഫാ: കെ. റ്റി. ഏലിയാസ്**

## ധ്യാനനിമിഷങ്ങൾ

**ദൈവത്തിനു കാതോർക്കുക**

ഒരു ടെലിഫോൺ സംഭാഷണം ശ്രദ്ധിക്കുവാൻ സംഗതിയായി. ഫോൺ കയ്യിൽ പിടിച്ചുകൊണ്ട് വാതോരാതെ സംസാരിക്കുകയാണ്. അങ്ങേ അറ്റത്തുള്ള ആൾ കേൾക്കുന്നുണ്ടോ എന്നുപോലും ശ്രദ്ധിക്കുന്നില്ല. അയാൾ എന്തോ പറയാൻ ശ്രമിക്കുന്നുണ്ടെങ്കിലും അതിനവസരം നൽകാതെ "എക്സ്പ്രസ് സ്പീഡിൽ" സംസാരിക്കുകയാണ്. മിനിറ്റുകൾ പലതുകഴിഞ്ഞു.

ആ ഏകപക്ഷീയമായ ഭാഷണം നിറുത്താതെ നിർബാധം ഒഴുകുകയാണ്. ഹാവൂ! അതൊന്നു നിറുത്തിയിരുന്നെങ്കിൽ ആരും ആശിച്ചുപോകും. നിങ്ങൾ അപ്രകാരമൊരു സംഭാഷണത്തിനിരയായിരുന്നെങ്കിൽ എന്തായിരിക്കും നിങ്ങളുടെ പ്രതികരണം? ഈർഷയും അമർഷവും എല്ലാം നിങ്ങളിൽ പതച്ചുപൊങ്ങും.

എതാണ്ട് അതേ വിധത്തിലല്ലേ ഈശ്വരനു നമ്മോടു തോന്നാനിടയുള്ളത് ? അവിടുന്നു നമ്മോടു സംസാരിക്കാനാഗ്രഹിക്കുന്നു എങ്കിലും നാമതിന് അവസരം കൊടുക്കാതെ നമ്മുടെ പ്രാർത്ഥനയിൽ മുഴുവൻ സമയവും നാം ദൈവത്തോടു സംസാരിച്ചുകൊണ്ടിരിക്കുകയല്ലേ ? നിർത്താതെയുള്ള നമ്മുടെ "മോണോലോഗ്" എത്ര ദീർഘിക്കുന്നുവോ അത്രയ്ക്ക് പ്രാർത്ഥനാമല്ലന്മാരെന്നു നാം സ്വയം അഭിമാനിക്കുകയാവും ചെയ്യുന്നത്. ശീലോവിലെ ദേവാലയത്തിൽ ദൈവദർശനമുണ്ടായി ശമുവേൽ പറഞ്ഞത്, "യഹോവേ കൽപ്പിക്കണമേ, അടിയൻ കേൾക്കുന്നു." എന്നാൽ ഇന്നുള്ള നാം പറയുന്നത്. യഹോവേ കേൾക്കേണമേ, അടിയൻ സംസാരിക്കുന്നു. എന്നല്ലേ ?

പ്രാർത്ഥന, ഏകപക്ഷീയമായ പ്രക്രിയ അല്ല. നമുക്ക് ദൈവത്തോടും ദൈവത്തിനു നമ്മോടും സംസാരിക്കാനുള്ള സന്ദർഭമാണ്. ഒരു പള്ളിയുടെ മുമ്പിലുള്ള ബോർഡിൽ എഴുതിവച്ചിരിക്കുന്ന വാക്യം ശ്രദ്ധേയമാണ്. "പ്രാർത്ഥിക്കുമ്പോൾ നിങ്ങൾ അധികമായി സംസാരിക്കരുത്; ദൈവത്തിന് കാതോർക്കുവാൻ ശ്രമിക്കുക." പ്രാർത്ഥനയെക്കുറിച്ചുള്ള നമ്മുടെ ധാരണ തിരുത്തുവാൻ അതു സഹായിക്കുന്നു.

പ്രവാചകന്മാർ ദൈവശബ്ദം കേൾക്കുന്നവരായിരുന്നു. ഓരോ ഘട്ടത്തിലും ദൈവഹിതം എന്തെന്ന് തിരിച്ചറിയുവാൻ അവർ താൽപര്യം എടുത്തിരുന്നു. നമ്മുടെ ഓരോ പ്രഭാതത്തിലും ഏതാനും നിമിഷങ്ങൾ ദൈവശബ്ദം കേൾക്കുവാനും ദൈവഹിതം മനസ്സിലാക്കുവാനും നമുക്ക് കാതോർക്കാം.

**ഫാദർ റ്റി.ജെ. ജോഷ്വ**

## The silent spectator

It was sharp 9 am. The bells of St. Mary's Orthodox Cathedral chimed marking the beginning of the 2nd Service. Only a few members were present in the Church. Mr. X, a regular member, positioned his usual place after securing a prayer book from the stand.

With the advancement of time more members started coming until all the rows were fully occupied. At this moment a senior, modest member not familiar to the parish entered the church causing a little discomfort to the attentive believers who stand disciplined in rows. In a minute or two the new entrant hurried out pushing Mr. X who lost his attention in the Qurbana and casually watched the stranger with a presumption that he might have gone outside to collect a prayer book. But in the next moment he returned empty handed to his place disturbing Mr. X again. The reason for which the stranger has gone outside remained as a riddle in the mind of Mr. X and regained the concentration in the Qurbana. In a short while Mr. X got the pinch of his push for a second time when he jumped out as if to attend a nature's call. But this time also he returned in the same speed to occupy his place.

At this stage Mr. X lost his entire concentration and began to observe the restless stranger. Later the inquisitive Mr. X realized a strange fact that his poor man is after his apparently new shoes kept at the doorstep. Every time he tries to keep the shoes in a safe position isolating it from others. The drama continued while others also got an inkling about the happenings. The Qurbana came to an end. People started to leave the church hall one by one after benediction. Mr. X's eye searched for the "Hero" to find him standing amidst a group facing a volley of questions. As he walked past the group Mr. X could clearly hear the villain's flat denial of the whole incident and that too in an angry mood. The disgraced group readily disbursed hiding their face which triggered a giggle in the mind of Mr. X, The Silent Spectator.

**Petson Peter C.**

## കുടുംബവിശേഷങ്ങൾ



**ജോൺ കോർ എപ്പിസ്ക്കോപ്പ**

പത്തനംതിട്ട തെങ്ങുതറയിൽ ഫാ. ടി.ജെ. ജോണിനെ ഇക്കഴിഞ്ഞ മേയ് 24-ാം തീയതി മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് കത്തീഡ്രലിൽ ചെങ്ങന്നൂർ ഭദ്രാസന മെത്രാപ്പൊലീത്ത തോമസ് മാർ അത്താനിയോസിന്റെ പ്രധാന കർമ്മികത്വത്തിലും മദ്രാസ് ഭദ്രാസന മെത്രാപ്പോലീത്ത യാക്കോബ് മാർ ഐറേനിയോസ്, നിരണം ഭദ്രാസന സഹമെത്രാപ്പോലീത്ത യൂഹാനോൻ മാർ ക്രിസോസ്റ്റം എന്നിവരുടെ സഹകരണത്തിലും നടന്ന കുർബാന മദ്ധ്യേ കോർ എപ്പിസ്ക്കോപ്പാ സ്ഥാനത്തേയ്ക്ക് ഉയർത്തിയിരിക്കുന്നു.

1957ൽ പരിശുദ്ധ ഗീവറുഗീസ് ദ്വിദീയൻ ബാവയിൽ നിന്ന് ശെമ്മാശുപട്ടം സ്വീകരിച്ച അദ്ദേഹം സഭയുടെ വളർച്ചയുടെ പലരംഗങ്ങളിലും ആത്മാർത്ഥമായി സഹകരിച്ചു. ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറിയും, ഓർത്തഡോക്സ് യൂത്ത് മാസികയുടെ പ്രാരംഭശിൽപിയും പത്രാധിപരുമായിരുന്നു.

തെങ്ങുംതറ കുടുംബത്തിലെ വൈദിക ഗണത്തിലെ 5-ാം തലമുറക്കാരനാണ് ജോണച്ചൻ. മാമ്മൻ കശീശ (997-1052) കൊച്ചിട്ടി ഗീവറുഗീസ് കോർ എപ്പിസ്ക്കോപ്പ I (1824-1908), മൽപാൻ ഗീവറുഗീസ് കോർ എപ്പിസ്ക്കോപ്പ II (1875-1970), ഗീവറുഗീസ് കോർ എപ്പിസ്ക്കോപ്പ III (1900 - 1996) എന്നിവരാണ് മറ്റു വൈദികർ.

75 തികഞ്ഞ ജോൺ കോർ എപ്പിസ്ക്കോപ്പ വൈദിക ശുശ്രൂഷയുടെ സുവർണ്ണ ജൂബിലി ആഘോഷിക്കുകയാണ്. ഇപ്പോൾ നമ്മുടെ ഇടവകയിൽ സേവനമനുഷ്ഠിക്കുന്നു. സഹധർമ്മണി കല്ലിശ്ശേരി കൊച്ചുകൊട്ടാരത്തിൽ ശ്രീമതി ഗ്രേസി സെയിൽടാക്സ് ഓഫീസറായിരുന്നു.

## ധൂപക്കുറ്റി

ആരാധനകളിൽ ഉപയോഗിക്കുന്ന ധൂപക്കുറ്റിയ്ക്ക് വേദപുസ്തക അടിസ്ഥാനത്തിൽ വളരെയേറെ പ്രാധാന്യം ഉണ്ട്. ആയത് വിശ്വാസികൾ അറിഞ്ഞിരിക്കേണ്ടതാണ്.

a. 1. ധൂപക്കുറ്റിയുടെ അടിത്തട്ടും, മുകൾത്തട്ടും വി. കന്യക മറിയമിനെയും, അതിനുള്ളിലുള്ള അഗ്നി മാതാവിന്റെ ഗർഭത്തിൽ ഉള്ള ശിശുവിനേയും (മറിയാമിൽ വസിച്ച അഗ്നിയായ ദൈവത്തെയും) സൂചിപ്പിക്കുന്നു.

2. രണ്ടാമതായി അടിത്തട്ട് ഭൂമിയേയും, മുകൾത്തട്ട് സ്വർഗ്ഗത്തേയും കാണിക്കുന്നു.

b. **ചങ്ങലകൾ** : നാലു ചങ്ങലകൾ ഉള്ളതിൽ ഒന്ന് പിതാവിനേയും രണ്ടും മൂന്നും ചങ്ങലകൾ ദൈവത്വവും മനുഷ്യത്വവും അടങ്ങിയ പുത്രനേയും, നാലാമത്തെ ചങ്ങല പരിശുദ്ധാത്മാവിനേയും സൂചിപ്പിക്കുന്നു.

ധൂപക്കുറ്റി വാഴ്ത്തി നാലു ചങ്ങലകളും കൂട്ടിയോജിപ്പിക്കുന്നത് ത്രിയേക ദൈവത്തെയും സൂചിപ്പിക്കുന്നു.

**മണികൾ:** ധൂപക്കുറ്റിയിൽ 12 മണികളാണുള്ളത്. ഇവ 12 ശ്ലീഹന്മാരെ സൂചിപ്പിക്കുന്നു.

**കണ്ണികൾ** : ചങ്ങലകളിൽ 72 കണ്ണികൾ ഉണ്ട്. ഇത് 72 അറിയിപ്പുകാരെ സൂചിപ്പിക്കുന്നു.

**കരി** : പാപികളായ മനുഷ്യരേയും

**അഗ്നി** : ദൈവത്തേയും സൂചിപ്പിക്കുന്നു.

**കുന്തിരിക്കം** : ധൂപക്കുറ്റിയിൽ ഇടുന്ന കുന്തിരിക്കം ദൈവമക്കൾ കുന്തിരിക്കത്തിന്റെ സുഗന്ധം പോലെ സുഗന്ധവും വെടിപ്പും ഉള്ളവരായിരിക്കണമെന്ന് സൂചന നൽകുന്നു.

**പുക** : പുക മുകളിലേയ്ക്ക് ഉയരുന്നതുപോലെ നമ്മുടെ പ്രാർത്ഥന ദൈവസന്നിധിയിലേയ്ക്ക് ഉയരണമെന്ന് സൂചിപ്പിക്കുന്നു.

**സാരം** : നമ്മുടെ പ്രാർത്ഥനകൾ അഗ്നിയിൽ എന്ന പ്രകാരം ശോധന ചെയ്യപ്പെടണമെന്നും തെരഞ്ഞെടുക്കപ്പെട്ട സുഗന്ധധൂപം പോലെ ആയിരിക്കണമെന്നും, ധൂപകലശത്തിലെ സുഗന്ധം ദൈവത്തിന് പ്രസാദമായിരിക്കുന്നതുപോലെ നാമും സൽപ്രവർത്തികൾ മൂലം ദൈവത്തെ പ്രസാദിപ്പിക്കണമെന്നും പുക മേലോട്ടുയരുന്നതുപോലെ നമ്മുടെ പ്രാർത്ഥനകളും ദൈവസന്നിധിയിലേയ്ക്ക് ഉയരണമെന്നും (കരേറണമെന്നും) സാരം.

*ഫാ: കെ.റ്റി. ഏലിയാസ്*

## ശനിയാഴ്ച വി. കുർബാന :

ഏതു വർഷമായിരിക്കുമെന്ന് ഓർമ്മയില്ല. എറണാകുളം സെന്റ് മേരീസ് പള്ളിയിൽ (അന്ന് കത്തീഡ്രൽ അല്ല) ശനിയാഴ്ചകളിൽ തുടർച്ചയായി വി. കുർബാനയർപ്പിക്കാനാരംഭിച്ചിട്ട് അമ്പതുവർഷങ്ങൾ പിന്നിട്ടിരിക്കണം. മർത്തമറിയം സമാജത്തിലെ അംഗങ്ങളുടെ ശുഷ്കാന്തിയാണ് ഇതിന്റെ ആരംഭം കുറിക്കാൻ കാരണം. ഇന്ന് അക്കൂട്ടത്തിൽ വളരെ വളരെ ചുരുക്കം പേരേ ജിവിച്ചിരിക്കുന്നുള്ളു. സമാജാംഗങ്ങളുടെ ശുഷ്കാന്തിക്കു കാരണമുണ്ടായിരുന്നു. അന്ന് ഇവിടുത്തെ ഒരു സഹോദര സഭയിലെ പള്ളിയിൽ എല്ലാ ശനിയാഴ്ചയും മണിക്കൂർ ഇടവിട്ട് പ്രാർത്ഥന (നൊവേന) നടത്തിയിരുന്നു. കേരളത്തിലെ നാനാഭാഗങ്ങളിൽ നിന്ന് ഭക്തജനങ്ങളുടെ പ്രവാഹമായിരുന്നു. അക്കൂട്ടത്തിൽ നമ്മുടെ ഇടവകാംഗങ്ങളും ധാരാളം പ്രാർത്ഥനയിൽ പങ്കുകൊണ്ടിരുന്നു. നമ്മുടെ പള്ളിയിലും ശനിയാഴ്ച കുർബാന ആരംഭിക്കണമെന്ന് മർത്ത മറിയാഗംങ്ങൾ വികാരി ബഹു. ജേക്കബ് മുരിക്കനച്ചനോട് അഭ്യർത്ഥിച്ചു. ഓരോ മർത്തമറിയം അംഗങ്ങളും 9 ശനിയാഴ്ചകൾ വീതം വി. കുർബാന വഴിപാടായി ഏറ്റെടുത്തു നടത്തിയിരുന്നു. ആദ്യമൊക്കെ മർത്തമറിയം സമാജക്കാരുടെ വഴിപാടായി നടത്തിയിരുന്ന കുർബ്ബാന പിന്നീട് പള്ളിയുടെ നേതൃത്വത്തിൽ തന്നെ നടത്തുവാൻ തീരുമാനിക്കുകയായിരുന്നു.

ശനിയാഴ്ചതോറും വി. കുർബ്ബാന ആരംഭിച്ചതിനെ തുടർന്ന് ഞായറാഴ്ചകളിൽ വി. കുർബ്ബാനയവസരത്തിൽ നടത്തിയിരുന്ന ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന നിർത്തി ശനിയാഴ്ചകളിൽ മാത്രം മതിയെന്ന് തീരുമാനിക്കുകയും ചെയ്തു. പിന്നീട് ശനിയാഴ്ച വി. കുർബ്ബാന ചിറ്റൂരിലുള്ള സിമിത്തേരി പള്ളിയിലും ഒന്നരാടം ശനിയാഴ്ചകളിൽ ആരംഭിച്ചു. കാലക്രമത്തിൽ ഇടവകക്കാരുടെ സൗകര്യാർത്ഥം എല്ലാ ശനിയാഴ്ചകളിലും വി.കുർബ്ബാന യാതൊരു മുടക്കവും കൂടാതെ ദൈവകൃപയാൽ തുടർന്നു പോകുന്നു.

**തോമസ് ജോൺ**

### ചിന്താവിഷയം :

ക്രിസ്തീയ ജിവിതം ശത്രുക്കളില്ലാത്ത ജിവിതമല്ല.
ദൈവത്തെ നോക്കി ധീരമായി
ജീവിക്കുകയാണ് വേണ്ടത്.

## ധ്യാനനിമിഷങ്ങൾ

*(ഈ കുറിപ്പ് എഴുതുന്ന ആൾ എറണാകുളം സെന്റ് മേരീസ് ഇടവകയുടെ ഒരു ഹ്രസ്വകാല വികാരി ആയിരുന്നു. നാൽപതിലേറെ വർഷങ്ങൾക്കുമുമ്പ്. ഇടവകയിലെ ഏറെപ്പേരുമായി ഇന്നും സൗഹൃദം പുലർത്തുന്നു. ഇടവകയുടെ ആത്മീകാഭിവൃദ്ധിക്കായി വാഞ്ചിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.)*

**അനുദിനം ഉപയോഗിക്കുവാൻ അനുയോജ്യമായ ഒരു പ്രാർത്ഥന ശ്രദ്ധിക്കുക.**

"Almighty God, give me strength to stand for the truth, to do the right according to my light, to be just and generous in all my dealings with my fellow-men.

Let not an angry or unkind word or an unsympathetic look pass from me which might hurt the feelings of others in any way.

Keep me free from envy and hatred, and fill my heart with love and good-will.

Make me, O Lord a vehicle of hope and faith scattering sunshine and happiness before all those whom I come into contact in my passage through life"

ഉദാത്തമായ ഈ പ്രതിദിന പ്രാർത്ഥന രചിച്ചത് ബഹുമുഖപ്രതിഭയും ധന്യാത്മാവും, കേരളീയർക്കു സുപരിചിതനുമായ ശ്രീ. കെ.പി. കേശവമേനോനാണ്. മതത്തിന്റെ സങ്കുചിതത്വങ്ങൾക്കതീതമായി ഈശ്വരവിശ്വാസവും മനുഷ്യസ്നേഹവും വെളിപ്പെടുത്തുന്ന ഈ പ്രാർത്ഥന ഏതൊരാൾക്കും പ്രഭാതയാമത്തിൽ ഉപയോഗിക്കുവാൻ അനുയോജ്യമാണ്.

സർവ്വശക്തനായ ദൈവത്തിന്റെ സഹായത്തിലും കരുണയിലും പൂർണ്ണവിശ്വാസമർപ്പിച്ചിരിക്കുന്നു. ജീവിത വിജയത്തിന് ദൈവകൃപ അനിവാര്യമെന്ന് വെളിപ്പെടുത്തുന്നു. അവനവനു ലഭിച്ചിട്ടുള്ള വെളിച്ചത്തിനനുസരണമായും മനഃസാക്ഷിക്കനുയോജ്യമായും പ്രവർത്തിക്കാനുള്ള ധീരതയാവശ്യമാണ്. സത്യത്തിന്റേയും നീതിയുടേയും ചേരിയിൽ ഉറച്ചുനിൽക്കുന്നവരെയാണിന്നാവശ്യം. സഹോദര സമൂഹത്തോട് ഔദാര്യവും കാരുണ്യവും വെളിപ്പെടുത്തണം. മാത്രമല്ല, വാക്കിലോ നോക്കിലോ അന്യരെ വേദനപ്പെടുത്താതിരിക്കത്തക്ക പരസ്നേഹവും കരുതലും പ്രകടമാക്കുകയും വേണം.

**ഫാദർ ടി.ജെ. ജോഷ്വ**

## ഒ.വി.ബി.എസ്. :

പ.ദൈവമാതാവിന്റെ മദ്ധ്യസ്ഥതയാൽ നമ്മുടെ ഇടവകയിലെ ഒ.വി.ബി.എസ്. ഏപ്രിൽ 17 മുതൽ 21 വരെ 5 ദിവസങ്ങളിലായി പൂർവ്വാധികം ഭംഗിയായി നടന്നു. 17 ന് രാവിലെ ബഹു. വികാരി റവ. ഫാ. ഏബ്രഹാം എടമ്പാടത്തിന്റെ സാന്നിദ്ധ്യത്തിൽ ബഹു. സഹവികാരി റവ. ഫാ. കെ.ടി. ഏലിയാസ് ഒ.വി.ബി.എസ്. പതാക ഉയർത്തി.

11 ക്ലാസുകളിലായി ചേർന്ന 117 കുട്ടികളും, 11 അദ്ധ്യാപകരും 2 ഗാനപരിശീലനാദ്ധ്യാപകരും അടങ്ങിയ ക്ലാസുകളുടെ പ്രവർത്തനോൽഘാടനം സണ്ടേ സ്ക്കൂൾ ഇൻസ്പെക്ടർ ശ്രീ. ബെന്നിപോളും ആമുഖ ധ്യാനം ബഹു. വികാരിയും നിർവ്വഹിച്ചു. ഈ വർഷത്തെ ചിന്താവിഷയം ആർ നമുക്കുവേണ്ടി പോകും യെശ. 6:8 ആയിരുന്നു.

ബിന്നിപോൾ തുടങ്ങിവെച്ചത് മികച്ച ഗാനാദ്ധ്യാപകരായ ശ്രീ. സൈമൺ ജോഷ്വയും ശ്രീമതി റേച്ചൽ തോമസും ഏറ്റെടുത്തു. അഞ്ചുദിവസവും ക്ലാസ്സുകൾ ഒ.വി.ബി.എസ്. മാനുവൽ അനുസരിച്ച് ഭംഗിയായും ചിട്ടയായും നടന്നുവെന്നത് അഭിനന്ദനാർഹമായിരുന്നു. കത്തീഡ്രൽ, ദീപം, എളംകുളം സണ്ടേ സ്ക്കൂളുകളിലെ പ്രധാനാദ്ധ്യാപകരും, അദ്ധ്യാപകരും സഹകരിച്ച് എല്ലാ പ്രവർത്തനങ്ങളും ഭംഗിയായി നിർവ്വഹിച്ചു. അനുദിന ധ്യാനം ബഹു. വികാരി ഫാ. ഏബ്രഹാം എടമ്പാടം, ശ്രീ. സൈമൺ ജോഷ്വ, ശ്രീമതി അമ്മിണി മാത്യു, അഡ്വ. മേരി ബഞ്ചമിൻ എന്നിവരും, കിസ് ശ്രീ. മാമ്മൻ എബ്രാഹവും വളരെ മനോഹരമായി നടത്തി. ക്ലാസുകളിലെ അംഗസംഖ്യ സമീപകാല റെക്കോർഡ് ആയിരുന്നു. ഏപ്രിൽ 21ന് ഉച്ചതിരിഞ്ഞ് റാലി, പൊതുസമ്മേളനം, കലാപരിപാടികൾ, കുട്ടികളുടെയും അദ്ധ്യാപകരുടേയും സർട്ടിഫിക്കറ്റ് / സമ്മാനദാനം എന്നിവയോടെ സമംഗളം സമാപിച്ചു. എല്ലാ ദിവസങ്ങളിലും 3 നേരവും വിഭവസമൃദ്ധമായ ഭക്ഷണം നൽകുവാനും ഒ.വി.ബി.എസിന്റെ പ്രവർത്തനങ്ങൾക്കായി ചിലവായ മുപ്പതിനായിരത്തിലധികം രൂപ പണമായും ഭക്ഷണസാധനങ്ങളായും നൽകി സഹായിച്ച നമ്മുടെ ഇടവകയിലെ ബഹുമാന്യരും ഉദാരമതികളുമായ എല്ലാ മഹൽവ്യക്തികളേയും ഒ.വി.ബി.എസിന്റെ നാമത്തിൽ പ്രാർത്ഥനയിൽ ഓർക്കുന്നു.

ഒ.വി.ബി.എസ്. 2007 കമ്മിറ്റിക്കുവേണ്ടി കൺവീനർ,

**മാത്യു വട്ടക്കുന്നേൽ**

## മർത്തമറിയം വനിതാ സമാജം :

എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ മർത്തമറിയം വനിതാ സമാജത്തിന്റെ 5 യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. എല്ലാ യൂണിറ്റുകളുടെയും സംയുക്തയോഗം മാസാദ്യ തിങ്കളാഴ്ചയിൽ നടത്തിവരുന്നു. ഭവനങ്ങളിലും ആശുപത്രികളിലും രോഗികളായി കഴിയുന്ന നമ്മുടെ ഇടവകാംഗങ്ങളെ സമാജാംഗങ്ങൾ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്. ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് പ്രഥമസ്ഥാനം നൽകിക്കൊണ്ട് പ്രവർത്തനങ്ങൾ നടത്തുന്നു. വിദ്യാഭ്യാസ സഹായമായി അന്ന ടിങ്കുവിന് 10,000 രൂപയും ബിജു വർഗ്ഗീസ്, ജിജു എന്നിവർക്ക് ധനസഹായമായി 3000 രൂപ വീതവും വിവാഹ സഹായമായി റ്റി.കെ. ഫ്രാൻസിസ്സിന് 5,000 രൂപയും ബിൻസിക്ക് 10,000 രൂപയും ചികിത്സാ സഹായമായി ഷൈജ വിജുവിന് 4,000 രൂപയും എം.റ്റി. ജോൺസന് 4,000 രൂപയും വിശ്വനാഥന് 7,000 രൂപയും വീടിന്റെ അറ്റകുറ്റപണികൾക്കായി പി.എം. ജോണിന് 3,000 രൂപയും നൽകുവാൻ സാധിച്ചു. എറണാകുളം ജനറൽ ആശുപത്രിയിലെ ഏറ്റവും ദരിദ്രരായ രോഗികളെ കണ്ടുപിടിച്ച് ഉച്ചഭക്ഷണത്തിനു വേണ്ടി 2,500 രൂപയും